"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ വിവിധ വില്ലേജുകളിൽ നിന്ന് സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്ക് വേണ്ടി 1221 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ - റദ്ദ് ചെയ്ത - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.184/2026/RD തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.13/2021/TRANS., തീയതി, 11.06.2021
2. സ.ഉ.(കൈ) നം.163/2021/ആർ.ഡി., തീയതി, 18.08.2021
3. സ.ഉ.(സാധാ) നം.3642/2021/ആർ.ഡി., തീയതി, 30.10.2021.
4. സ.ഉ.(അച്ചടി) നം.217/2021/ആർ.ഡി., തീയതി, 30.12.2021
5. സ.ഉ.(അച്ചടി) നം.11/2022/ആർ.ഡി., തീയതി, 04.01.2022
6. സ.ഉ.(അച്ചടി) നം.12/2022/ആർ.ഡി., തീയതി, 04.01.2022
7. സ.ഉ.(അച്ചടി) നം.13/2022/ആർ.ഡി., തീയതി, 04.01.2022
8. സ.ഉ.(അച്ചടി) നം.17/2022/ആർ.ഡി., തീയതി, 06.01.2022
9. സ.ഉ.(അച്ചടി) നം.19/2022/ആർ.ഡി., തീയതി, 11.01.2022
10. സ.ഉ.(അച്ചടി) നം.20/2022/ആർ.ഡി., തീയതി, 12.01.2022
11. സ.ഉ.(അച്ചടി) നം.30/2022/ആർ.ഡി., തീയതി, 15.01.2022
12. സ.ഉ.(അച്ചടി) നം.40/2022/ആർ.ഡി., തീയതി, 22.01.2022
13. സ.ഉ.(അച്ചടി) നം.42/2022/ആർ.ഡി., തീയതി, 25.01.2022
14. സ.ഉ.(അച്ചടി) നം.45/2022/ആർ.ഡി., തീയതി, 25.01.2022
15. സ.ഉ.(കൈ) നം.15/2026/TRANS., തീയതി, 21.05.2026.

**<u>ഉത്തരവ്</u>**

1. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ,

മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ വിവിധ വില്ലേജുകളിൽ നിന്ന് സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കലിനുള്ള പ്രാരംഭ നടപടികൾക്ക് ഗതാഗത വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മേൽപ്പറഞ്ഞ ജില്ലകളിലെ വിവിധ വില്ലേജുകളിൽ നിന്നും 955.13 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

i. 2013 ലെ എൽ.എ.ആർ.ആർ ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന സാമൂഹിക ആഘാത വിലയിരുത്തൽ പഠനം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് നടത്തുകയും സാമൂഹിക ആഘാത വിലയിരുത്തൽ (എസ്.ഐ.എ) പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

ii. 2013 ലെ എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ (8) ലെ ഉപവകുപ്പ് (2) പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാനുള്ള സർക്കാർ ഉത്തരവ് റെയിൽവേ ബോർഡിൽ നിന്ന് പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ പുറപ്പെടുവിക്കാവൂ.

2. കൂടാതെ പരാമർശം (3) ഉത്തരവ് പ്രകാരം മേൽ പറഞ്ഞ ജില്ലകളിലെ വിവിധ വില്ലേജുകളിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തൃതി 1221 ഹെക്ടർ ഭൂമി ആയി ഭേദഗതി വരുത്തി റവന്യൂ അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

3. തുടർന്ന്, പരാമർശം (4) മുതൽ (14) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം മേൽ പരാമർശിച്ച ജില്ലകളിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി സംസ്ഥാന തലത്തിൽ എംപാനൽ ചെയ്യപ്പെട്ട പഠന ഏജൻസികളെ വിവിധ ജില്ലകളിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2013-ലെ RFCTLARR ആക്ട് സെക്ഷൻ 4 (2) പ്രകാരം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം ആരംഭിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പഠനം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച കാലയളവിനുള്ളിൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതും പഠനം നടത്തുന്നതിനായി കാലാവധി നീട്ടി നൽകുകയോ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയോ

ചെയ്തിട്ടില്ലാത്തതിനാൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടിട്ടുള്ളതുമാണ്.

4. പരാമർശം (15)-ലെ ഉത്തരവ് പ്രകാരം പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് ഗതാഗത വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
5. മേൽ സാഹചര്യത്തിൽ പരാമർശം (2) & (3) ഉത്തരവുകൾ പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ വിവിധ വില്ലേജുകളിൽ നിന്ന് സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നൽകിയിട്ടുള്ള റവന്യൂ അനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (4) മുതൽ (14) വരെയുള്ള സർക്കാർ ഉത്തരവുകളും ഇതോടൊപ്പം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.
6. സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്കുവേണ്ടി 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്റ്റിലെ 6(1) വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ അതത് ജില്ലാ കളക്ടർമാർ റദ്ദ് ചെയ്യേണ്ടതും, ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള അതിരടയാളങ്ങൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികൾ ഗതാഗത/റവന്യൂ വകുപ്പുകളെ സമയ ബന്ധിതമായി അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്
3. അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.----തീയതി---)
5. ഗതാഗത വകുപ്പ്
6. വിവര സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ബി1/131/2026-റവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ചീഫ് സെക്രട്ടറിയുടെ പി. എ ക്ക്
4. റവന്യൂ സെക്രട്ടറിയുടെ പി.എയ്ക്ക്
5. റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

Signed by
Sandhya S
Date: 22-05-2026 17:14:44